LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

193 (5598) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) 2010 ജൂൺ 30വരെ കാലയളവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരാണ് ശൂന്യവേതന അവധി എടുത്തിട്ടുള്ളത് ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ വിവിധ കാറ്റഗറികളിലായി 248 ഒഴിവുകളുണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ആകെ 122 പേർ ശൂന്യവേതനാവധി എടുത്തിട്ടുണ്ട്. ഇതിൽ പി.എസ്.സി. കാറ്റഗറി പ്രകാരം നിയമനമുള്ളവരിൽ 88 പേരാണ് അവധി എടുത്തിട്ടുള്ളത്. അതിൽ 6 മാസത്തിൽ കൂടുതൽ അവധി എടുത്തിട്ടുള്ളത് 60 പേരാണ്. ടി ഒഴിവുകളിൽ 40 എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 20 ഒഴിവുകളും കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) നിലവിൽ തിട്ടപ്പെടുത്തിയിട്ടുള്ള ഒഴിവുകളിൽ പി.എസ്.സി. മുഖേന നികത്തേണ്ടവ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടി സ്വീകരിച്ചു വരുന്നു. പ്രമോഷൻ മുഖേന നികത്തേണ്ട ഒഴിവുകളും നികത്തി വരുന്നു.

കാർഷിക മേഖലയിലെ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടി

194 (5600) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലനിന്നിരുന്ന കാർഷിക മേഖലയിലെ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന നെല്ലുൽപ്പാദനത്തിന്റെ കണക്ക്, ജില്ല തിരിച്ച് ലഭ്യമാക്കുമോ ; 2006-ന് ശേഷം നെൽകൃഷിയിൽ വന്ന ഉല്പാദനവർദ്ധനവ് ജില്ലയും വർഷവും തിരിച്ച് ലഭ്യമാക്കുമോ ;